**പതിനാലാം കേരള നിയമസഭ**
**4-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 751** — **28.02.2017 -ൽ മറുപടിയ്ക്ക്**

# കുട്ടനാടിന്റെ ടൂറിസം വികസനം

**ചോദ്യം**
**ശ്രീ.തോമസ് ചാണ്ടി**

**ഉത്തരം**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കുട്ടനാടിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ) | പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠനം നടത്തി ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കായൽ ടൂറിസം, ഫാം ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ? | (ബി) | വിനോദസഞ്ചാര മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് സാധ്യമായ മേഖലകളിൽ വിപുലമായ അടിസ്ഥാന സൗകര്യങ്ങളും പ്രചരണവും വകുപ്പ് എർപ്പെടുത്തി വരുന്നു. ഹൗസ്ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ എന്നിവയും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ കായലോരം ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടുകൂടി പ്രവർത്തികൾ നടന്നു വരുന്നു.<br>കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യ കനാൽഭാഗം എന്നിവയുടെ പുഴുക്കി പണി , ചരിത്ര പൈതൃക തെരുവുകൾ കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർമുക്കം ,പുന്നമട ,പള്ളാത്തുരുത്തി ,നെടുമുടി കഞ്ഞിപ്പാടം ,തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ വട്ടകായൽ , കരുമാടി വിളക്കുമരം എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങി ടൂറിസം വികസനത്തിനുതകുന്ന നിരവധി പ്രവൃത്തികൾ ചെയ്തു വരുന്നു. |

ഫാം ടൂറിസത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഗ്രീൻ ഫാം കേരള എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ